# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5766

29.07.2015-ൽ മറുപടിയ്ക്ക്

## നഗരങ്ങളിലെ പച്ചപ്പ് നിലനിർത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>,, വി.എം.ഉമ്മർ മാസ്റ്റർ<br>,, പി.ഉബൈദുള്ള<br>,, അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി) |
| എ) നഗരങ്ങളിലെ പച്ചപ്പ് നിലനിർത്തുന്ന കാര്യത്തിൽ വനം വകുപ്പ് എന്തൊക്കെ സഹായങ്ങൾ ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ ; | എ) നഗരങ്ങളിലെ പച്ചപ്പ് നിലനിർത്തുന്നതിന്റെ ഭാഗമായി പാതയോരങ്ങളിൽ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്ന 'വഴിയോരത്തണൽ പദ്ധതി' 2007 മുതൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന നടപ്പിലാക്കി വരുന്നു. ഇപ്രകാരം നട്ടു പിടിപ്പിച്ച വൃക്ഷത്തൈകൾ ട്രീഗാർഡുകൾ വച്ച് സംരക്ഷിക്കുകയും, ആവശ്യമായ പരിചരണ പ്രവർത്തികൾ നടത്തി വരികയും ചെയ്യുന്നു. കൂടാതെ, ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നഗര പ്രദേശങ്ങളിലെ കോളേജുകൾ, സ്കൂളുകൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ വൃക്ഷവത്ക്കരണം നടത്തുന്നുണ്ട്. പരിസ്ഥിതി വകുപ്പുമായി സഹകരിച്ച് തിരുവനന്തപുരം ജില്ലയിലും, കോട്ടയം ജില്ലയിലെ കോടിമത എന്ന സ്ഥലത്തും നഗരവത്ക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) റോഡുവക്കിലും, സർക്കാർ ഭൂമികളിലുമുള്ള മരങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും, പുതിയവ വച്ചു പിടിപ്പിക്കുന്ന കാര്യത്തിലും വനം വകുപ്പിനുള്ള പങ്ക് വ്യക്തമാക്കുമോ ; | ബി) റോഡുവക്കിലും, സർക്കാർ ഭൂമികളിലുമുള്ള മരങ്ങൾ സംരക്ഷിക്കേണ്ടത് അതാത് ബന്ധപ്പെട്ട വകുപ്പുകളാണ്. സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന നടപ്പിലാക്കിയ വഴിയോരത്ത |

ണൽ പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിനായി ആവശ്യമുള്ളിടങ്ങളിൽ ട്രീ ഗാർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്/ ബ്ലോക്ക് പ്ലാന്റിംഗ് എന്നീ പദ്ധതിയിൻ കീഴിൽ സർക്കാർ ഭൂമികളിൽ തദ്ദേശീയമായ വിവിധയിനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നു.

സി) സംസ്ഥാനത്ത് വീതി കൂട്ടലും പുനർ നിർമ്മാണവും നടത്തുന്ന റോഡുകളുടെ വശങ്ങളിൽ പൊതു മരാമത്ത് വകുപ്പുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തികൾക്കൊപ്പം ഗതാഗതത്തിന് തടസ്സം വരാത്തവിധം അനുയോജ്യമായ മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

സി) പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തികൾക്കൊപ്പം ഗതാഗതത്തിന് തടസ്സം വരാത്തവിധം അനുയോജ്യമായ മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ റോഡുവക്കുകളിൽ ഗതാഗതത്തിന് തടസ്സമുണ്ടാകാത്തവിധത്തിൽ വഴിയോരത്തണൽ പദ്ധതി പ്രകാരം സാമൂഹ്യവനവൽക്കരണ വിഭാഗം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ